പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4180 — 03-02-2014 - ൽ മറുപടിയ്ക്ക്

## കല്യാശ്ശേരി ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | **ശ്രീ. പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവ് എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവ് എന്ന സ്ഥലത്ത് ട്രാക്ടർ വേയോടുകൂടിയ ഒരു വിയർ നിർമ്മിക്കുന്നതിനുള്ള രൂപ കല്പന പൂർത്തിയായി കഴിഞ്ഞു. എന്നാൽ പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിച്ച സ്ഥലത്ത് കൂടി പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ കുടിവെള്ള പൈപ്പുലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പുഴയ്ക്ക് കുറുകെ കേരള വാട്ടർ അതോറിറ്റി ഒരു പാലം നിർമ്മിച്ചതിനാൽ പൂർത്തീകരിച്ച രൂപകല്പനയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആയത് ഫീൽഡ് ഓഫീസർമാരുമായി ചർച്ച ചെയ്ത് നടപ്പിലാക്കുവാനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) ഡിസൈൻ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.